7773
6/8/14

**കേരള സർക്കാർ**

**സംഗ്രഹം**

സാമൂഹ്യനീതി വകുപ്പ് - ഐ.സി.ഡി.എസ് മാതൃകാ അംഗൻവാടി നിർമ്മാണം- തിരുവമ്പാടി നിയോജകമണ്ഡലം -അധിക തുക പഞ്ചായത്ത് തലത്തിൽ വഹിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാമൂഹ്യനീതി (ബി) വകുപ്പ്**

**സ.ഉ(സാധാ) നം. 474/2014/സാനീവ** **തീയതി, തിരുവനന്തപുരം ,** 04 .08.2014

---

**പരാമർശം :** 1) 24.12.2012 ലെ സ.ഉ(സാധാ) നം. 563/2012/സാനീവ നംപർ ഉത്തരവ്.
2) 22.2.2013 ലെ സ.ഉ(സാധാ) നം. 69/13/സാനീവ.
3) 15.3.2013 ലെ 3481/ബി1/13/സാനീവ നംപർ സർക്കാർ കത്ത്.
4) 7.7.2014 ലെ സാമൂഹ്യനീതി ഡയറക്ടറുടെ ഐസിഡിഎസ്.എ7 - 764/14 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ഒരു നിയോജകമണ്ഡലത്തിൽ ഒരു മാതൃകാ അംഗൻവാടി വീതം എല്ലാ നിയോജകമണ്ഡലങ്ങളിലും മാതൃകാ അംഗൻവാടികൾ നിർമ്മിക്കുന്ന പദ്ധതി പ്രകാരം ഒരു മാതൃകാ അംഗൻവാടി നിർമ്മിക്കുന്നതിനുളള ചെലവ് 23.75ലക്ഷം രൂപയായി നിജപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ടി തുകയുടെ പരമാവധി 15% വരെ അധികരിക്കുന്ന തുക 2010- ലെ ഷെഡ്യൂൾ നിരക്കിൽ ആവശ്യമാകുന്ന പക്ഷം അനുവദിക്കാവുന്നതാണെന്ന് പരാമർശം (3) പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്.

2. കോഴിക്കോട് ജില്ലയിൽ തിരുവമ്പാടി നിയോജക മണ്ഡലത്തിൽ മാതൃകാ അംഗൻവാടിക്ക് തിരഞ്ഞെടുത്ത സ്ഥലത്ത് ഷൂട്ടിംഗ് ഫൗണ്ടേഷൻ നിർമ്മിക്കേണ്ടതിനാൽ നിർമ്മാണ ചെലവ് 34 ലക്ഷം രൂപയാകുമെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ടെന്നും ഭരണാനുമതി ലഭിച്ച തുകയേക്കാൾ കൂടുതൽ വരുന്ന തുക കൊടിയത്തൂർ ഗ്രാമപഞ്ചായത്ത് വഹിക്കുന്നതാണെന്നും പരാമർശം (4) പ്രകാരം സാമൂഹ്യനീതി ഡയറക്ടർ അറിയിച്ചിട്ടുണ്ട്. ആയതിനാൽ മാതൃകാ അംഗൻവാടി കെട്ടിട നിരമ്മാണത്തിനായി അനുവദിച്ച 23.75 ലക്ഷം രൂപയും 15% അധികരിക്കുന്ന തുകയും ഉൾപ്പെടെ 27.3125 ലക്ഷം രൂപയിൽ കെട്ടിട നിർമ്മാണത്തിനായി അധികരിക്കുന്ന 6.6875 ലക്ഷം രൂപ പഞ്ചായത്ത് തലത്തിൽ വഹിക്കുന്നതിന് അനുമതി നൽകണമെന്ന് സാമൂഹ്യനീതി ഡയറക്ടർ ആവശ്യപ്പെട്ടിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും കോഴിക്കോട് ജില്ലയിലെ തിരുവമ്പാടി നിയോജകമണ്ഡലത്തിൽ മാതൃകാ അംഗൻവാടി നിർമ്മാണത്തിന് അനുവദിച്ച 23.75 ലക്ഷം രൂപയും 15% അധികരിക്കുന്ന തുകയും( ആകെ 27.31 ലക്ഷം രൂപ) കിഴിച്ച് അധികം വരുന്ന തുകയായ 6.6875 ലക്ഷം രൂപ (ആറു ലക്ഷത്തി അറുപത്തിയെണ്ണായിരത്തി എഴുനൂറ്റിയൻപതു രൂപാ മാത്രം) പഞ്ചായത്ത് തലത്തിൽ വഹിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
**എൻ.ബി.കോമളവല്ലി അമ്മ,**
**അഡീഷണൽ സെക്രട്ടറി**

സാമൂഹ്യനീതി ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഡി.ബി. സെൽ) കേരള, തിരുവനന്തപുരം.
വെബ് & ന്യൂ മീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ